**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 167** **27-06-2022 - ൽ മറുപടിയ്ക്ക്**

**പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്താൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ശശി | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റുന്നതിനും, അടിസ്ഥാന സൗകര്യ വികസനത്തിനും എത്ര തുകയാണ് അനുവദിച്ചുവരുന്നത്; വിശദമാക്കാമോ; | (എ) | 2017-18 സാമ്പത്തിക വർഷത്തിൽ - 2300 ലക്ഷം<br><br>2018-19 സാമ്പത്തിക വർഷത്തിൽ - 2855 ലക്ഷം<br><br>2019-20 സാമ്പത്തിക വർഷത്തിൽ - 2855 ലക്ഷം<br><br>2020-21 സാമ്പ ത്തിക വർഷത്തിൽ - 2800 ലക്ഷം<br><br>2021-22 സാമ്പത്തിക വർഷത്തിൽ - 2800 ലക്ഷം<br><br>2022-23 സാമ്പത്തിക വർഷത്തിൽ - 2000 ലക്ഷം |
| (ബി) | പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റുന്നതിന്റെ ഭാഗമായി എത്ര ജീവനക്കാരെയാണ് അധികമായി നിയമിക്കുക; തസ്തിക തിരിച്ചുള്ള വിവരം ലഭ്യമാക്കാമോ? | (ബി) | സംസ്ഥാനത്തെ പൊതു ആരോഗ്യ മേഖലയെ ശാക്തീകരിക്കുന്നതിന്റെ ഭാഗമായി നവകേരള കർമ്മപരിപാടിയുടെ നേതൃത്വത്തിൽ ആർദ്രം പദ്ധതി പ്രകാരം ഒന്നാം ഘട്ടത്തിൽ 170 പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളേയും രണ്ടാം ഘട്ടത്തിൽ 504 പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളേയും മൂന്നാം ഘട്ടത്തിൽ 212 പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളേയും കുടുംബാരോഗ്യ കേന്ദ്രങ്ങ ളാക്കി ഉയർത്തിയിട്ടുണ്ട്. ഒന്നാം ഘട്ടത്തിൽ 150 ഫാർമസിസ്റ്റമാരും 170 ലാബ് ടെക്നീഷ്യൻമാരും 170 അസി. സർജൻമാരും 340 സ്റ്റാഫ് നേഴ്സമാരും ഉൾപ്പടെ 830അധിക തസ്തികകൾ സൃഷ്ടിക്കുകയും രണ്ടാം ഘട്ടത്തിൽ 400 ഡോക്ടർമാരും 400 സ്റ്റാഫ് നേഴ്സമാരും 200 ലാബ് ടെക്നീഷ്യൻമാരും ഉൾപ്പടെ 1000 അധിക തസ്തികകൾ സൃഷ്ടിക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ